# കാലിക്കറ്റ് സർവകലാശാല
## പബ്ലിക് റിലേഷൻസ് വിഭാഗം

**പത്രക്കുറിപ്പ്**
**2025 ജനുവരി 15** **website: www.uoc.ac.in**

==================================================================

**കൊതുക് നിയന്ത്രണത്തിന് പ്രോട്ടീൻ**
**കാലിക്കറ്റിലെ ഗവേഷകരുടെ കണ്ടെത്തലിന് പേറ്റന്റ്**

ജനിതക എൻജിനീയറിങ് ഉപയോഗിച്ച് കൊതുകുകളുടെ കൂത്താടികളെ മാത്രമായി കൊല്ലുന്ന പെപ്റ്റൈഡ് (ചെറിയ പ്രോട്ടീൻ) ഉത്പാദിപ്പിച്ച കാലിക്കറ്റിലെ ഗവേഷകർക്ക് പേറ്റന്റ്. ജന്തുശാസ്ത്ര പഠനവകുപ്പിലെ റിട്ട. പ്രൊഫസറും സെന്റർ ഫോർ അഡ്വാൻസ്ഡ് ഇൻ മോളിക്യുലാർ ബയോളജി സ്ഥാപകനുമായ ഡോ. വി.എം. കണ്ണനും ഗവേഷണ വിദ്യാർഥിനി എം. ദീപ്തിയും ചേർന്നാണ് കണ്ടുപിടിത്തം നടത്തിയത്. ട്രിപ്സിൻ മോഡുലേറ്റിംഗ് ഉസ്റ്റാറ്റിക് ഫാക്ടർ (ടി.എം.ഒ.എഫ്.) എന്നറിയപ്പെടുന്ന ഈ പെപ്റ്റൈഡിന്റെ ജീൻ ക്ലോൺ ചെയ്ത് ബാക്ടീരിയയിൽ പ്രവേശിപ്പിക്കുകയാണ് ആദ്യപടി. ബാക്ടീരിയ വളരുമ്പോൾ ടി.എം.ഒ.എഫ്. ഉത്പാദിപ്പിക്കുന്നു. ഈ ബാക്ടീരിയയെ നിർജീവമാക്കിയ ശേഷം കൂത്താടികളുള്ള ജലാശയത്തിലേക്ക് ദ്രാവക രൂപത്തിൽ തളിക്കാവുന്നതാണ്. കൂത്താടികളുടെ ദഹനപ്രക്രിയയിൽ ആഹാരത്തിലുള്ള പ്രോട്ടീനെ വിഘടിപ്പിച്ച് ആഗിരണം ചെയ്യുന്നതിന് ആവശ്യമായ ഒരു രാസാഗ്നിയാണ് ട്രിപ്സിൻ. ടി.എം.ഒ.എഫ്. പെപ്റ്റൈഡ് കൂത്താടിയിലെ റിസപ്റ്ററുമായി  കൂടിച്ചേരുകയും അതിന്റെ ഫലമായി ട്രിപ്സിൻ ഉത്പാദനം തടസ്സപ്പെടുകയും ചെയ്യും. കൂത്താടിയുടെ അന്നപഥത്തിൽ വച്ച് മാത്രം പെപ്റ്റൈഡ് പ്രവർത്തനക്ഷമമാവുന്ന തരത്തിലാണ് ജനിതക എൻജിനീയറിങ് നടത്തിയിരിക്കുന്നത്. ട്രിപ്സിന്റെ അഭാവത്തിൽ കൂത്താടിയിലെ പ്രോട്ടീൻ ദഹനം തടയപ്പെടുന്നതോടെ 48 മണിക്കൂറിനകം അവ നിർജീവമാകും. ഈ പ്രത്യേക റിസപ്റ്റർ മറ്റു ജീവികളിലുള്ളതായി കണ്ടെത്തിയിട്ടില്ല. അതിനാൽ ജലാശയങ്ങളിലെ മറ്റു ജീവികളെ ഇത് ബാധിക്കില്ല. നിലവിൽ കൊതുക് നിയന്ത്രണത്തിന് ഉപയോഗിക്കുന്ന കീടനാശിനികൾ ജലാശയത്തിലെ മറ്റു ജീവികളെയും മലിനമാകുന്ന ജലസ്രോതസ്സുകൾ മനുഷ്യരെയും ബാധിക്കുന്നുണ്ട്. മോളിക്യുലാർ ബയോളജിയിൽ അമേരിക്കയിലെ യൂണിവേഴ്സിറ്റി ഓഫ് മിഷിഗണിൽ നിന്ന് പോസ്റ്റ് ഡോക്ടറൽ ഗവേഷണം പൂർത്തീകരിച്ചയാളാണ് ഡോ. കണ്ണൻ. പുതിയ കണ്ടുപിടുത്തത്തിന് അമേരിക്കൻ പേറ്റന്റ് ലഭിക്കാനുള്ള ശ്രമത്തിലാണ് ഗവേഷകർ. വ്യാവസായികാടിസ്ഥാനത്തിൽ ടി.എം.ഒ.എഫ്. പെപ്റ്റൈഡ് ഉത്പാദിപ്പിക്കാൻ താല്പര്യമുള്ള കമ്പനികളോ സ്റ്റാർട്ടപ്പുകളോ മുന്നോട്ട് വരുമെന്നും ഇവർ പ്രതീക്ഷിക്കുന്നു.

***ഫോട്ടോ:***

1. ഡോ. വി.എം. കണ്ണൻ
2. എം. ദീപ്തി

***പി.ആർ. 57/2025***

## എ.ബി.സി. - ഐ.ഡി. തയ്യാറാക്കാൻ സർവകലാശാലാ ഫീസ് ഈടാക്കുന്നില്ല

കാലിക്കറ്റ് സർവകലാശാലയിൽ അക്കാഡമിക് ബാങ്ക് ഓഫ് ക്രെഡിറ്റ് ഐഡികൾ സൃഷ്ടിക്കുന്നതിനും അപ്ഡേറ്റ് ചെയ്യുന്നതിനും മുൻകൂറായി അമിത ഫീസ് ഈടാക്കുന്നതായി വന്ന വാർത്ത അടിസ്ഥാന രഹിതമാണെന്ന് പരീക്ഷാ കൺട്രോളർ വാർത്താ കുറിപ്പിൽ അറിയിച്ചു. വിദ്യാർഥികൾക്ക് എ.ബി.സി. / ഡിജിലോക്കർ പോർട്ടൽ വഴി അവരുടെ എ.ബി.സി. - ഐ.ഡി. ഉണ്ടാക്കാവുന്നതാണ്. വിദ്യാർഥികൾ അവരവരുടെ എ.ബി.സി. - ഐ.ഡി. സർവകലാശാലയുടെ സ്റ്റുഡന്റ് പോർട്ടലിൽ അപ്ഡേറ്റ് ചെയ്യണം. ഇതിന് സർവകലാശാല ഫീസ് ഈടാക്കുന്നില്ല. സ്റ്റുഡന്റ് പോർട്ടലിൽ സൈൻ അപ്പ് ചെയ്തിട്ടുള്ള വർക്ക് അവരുടെ രജിസ്റ്റർ നമ്പർ ഉപയോഗിച്ച് ലോഗിൻ ചെയ്തു ഐ.ഡി. അപ്ഡേറ്റ് ചെയ്യാവുന്നതാണ്. ലോഗിൻ ചെയ്യുന്നവരെ തിരിച്ചറിയുന്നതിന് സൈൻ അപ്പ് ചെയ്യാൻ ഉപയോഗിച്ച മൊബൈൽ നമ്പറിലേക്കും ഇ - മെയിൽ ഐ.ഡിയിലേക്കും അയക്കുന്ന ഒ.ടി.പി. നൽകി വെരിഫൈ ചെയ്യേണ്ടതുണ്ട്. പോർട്ടലിൽ സൈൻ അപ്പ് ചെയ്യാത്തവർക്ക് സൈൻ അപ്പ് ചെയ്യുന്നതിന് മുൻപായി ഫോൺ നമ്പറോ മെയിൽ ഐ.ഡിയോ മാറ്റണ മെന്നുണ്ടെങ്കിൽ അതത് പ്രിൻസിപ്പൽമാർക്ക് കോളേജ് പോർട്ടൽ മുഖേന മാറ്റുന്നതിന് നിലവിൽ സൗകര്യമുണ്ട്. ഈ സൗകര്യം എടുത്തുകളഞ്ഞു എന്ന് പറയുന്നത് വസ്തുതാ പരമല്ല. തങ്ങൾ തുടർന്നും ഉപയോഗിക്കുന്ന ഫോൺ നമ്പറും ഇ - മെയിൽ ഐ.ഡിയും ഉപയോഗിച്ചുതന്നെ സ്റ്റുഡന്റ് പോർട്ടലിൽ സൈൻ അപ്പ് ചെയ്യുന്നവർക്ക് പിന്നീട് ലോഗിൻ ചെയ്യുന്നതിന് പ്രയാസമുണ്ടാകുന്നില്ല. എന്നാൽ സ്റ്റുഡന്റ് പോർട്ടലിൽ ഫോൺ നമ്പർ, ഇ - മെയിൽ എന്നിവ നൽകി സൈൻ അപ്പ് ചെയ്തവർക്ക് പിന്നീട് മേല്പറഞ്ഞ വിവരങ്ങൾ മാറ്റുന്നതിന് സർവകലാശാലയെ സമീപിക്കേണ്ടതാണ്. യഥാർഥ വിദ്യാർഥി തന്നെയാണ് സ്റ്റുഡന്റ് പോർട്ടൽ അക്കൗണ്ട് ഉപയോഗിക്കുന്നത് എന്ന് ഉറപ്പാക്കുന്നതിനും വിവരസുര ക്ഷിതത്വത്തിനുമാണ് മൊബൈൽ നമ്പർ, ഇ-മെയിൽ ഇവ മുഖേനയുള്ള വെരിഫിക്കേ ഷൻ സ്റ്റുഡന്റ് പോർട്ടലിൽ ഏർപ്പെടുത്തിയിരിക്കുന്നത്. എ.ബി.സി. - ഐ.ഡി. നിർമിക്കേ ണ്ടതും അത് സർവകലാശാല പോർട്ടലിൽ അപ്ഡേറ്റ് ചെയ്യേണ്ടതും വിദ്യാർഥികൾക്ക് തങ്ങളുടെ ക്രെഡിറ്റ് വിവരങ്ങൾ തുടർ വിദ്യാഭ്യാസത്തിനും ജോലിക്കും മറ്റും ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് ഡിജിലോക്കർ മുഖേന എളുപ്പത്തിൽ ലഭ്യമാക്കുന്നതിന് അനിവാര്യമാ ണ്. ഇത്തരത്തിൽ വിദ്യാർഥികളെ സഹായിക്കുന്നതിനാണ് ഈ സംവിധാനം നടപ്പിൽ വരുത്തിയിട്ടുള്ളതെന്നും പരീക്ഷാ കൺട്രോളർ അറിയിച്ചു.

***പി.ആർ. 58/2025***

## ഫോക്‌ലോറും കളരിയും സെമിനാർ

കാലിക്കറ്റ് സർവകലാശാലാ ഫോക്‌ലോർ പഠനവകുപ്പ് സംഘടിപ്പിച്ച ഫോക്‌ലോറും കളരിയും സെമിനാർ സമാപിച്ചു. സമാപന സമ്മേളനം കേരള ഫോക്‌ലോർ അക്കാഡമി മുൻ സെക്രട്ടറിയും എഫ്.എഫ്.എം. ട്രസ്റ്റ് എക്സിക്യൂട്ടീവ് അംഗവുമായ ടി.കെ. വിജയരാ ഘവൻ ഉദ്ഘാടനം ചെയ്തു. കളരിപ്പയറ്റും സിനിമയും എന്ന വിഷയത്തിൽ മലയാളം പഠനവകുപ്പ് അധ്യാപിക ഡോ. ടി. അപർണ പ്രബന്ധം അവതരിപ്പിച്ചു. ഫോക്‌ലോർ പഠന വകുപ്പ് മേധാവി ഡോ. സി. കെ. ജിഷ, പഠനവകുപ്പിലെ അധ്യാപകരായ ഡോ. പി. വിജിഷ, സിനീഷ് വേലിക്കുനി എന്നിവർ സംസാരിച്ചു.

***പി.ആർ. 59/2025***

## ഫീൽഡ് ഇൻവെസ്റ്റിഗേറ്റർ നിയമനം

കാലിക്കറ്റ് സർവകലാശാലാ എജ്യുക്കേഷൻ പഠന വകുപ്പ് അസി. പ്രൊഫ. ഡോ. വി. കെ. ജിബിന്റെ കീഴിൽ ഐ.സി.എസ്.എസ്.ആർ. ഗവേഷണ പ്രോജക്ടിലേക്ക് കരാറടിസ്ഥാന ത്തിലുള്ള ഫീൽഡ് ഇൻവെസ്റ്റിഗേറ്റർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. ഒരൊഴിവാണു ള്ളത്. രണ്ടു മാസത്തേക്കാണ് നിയമനം. യോഗ്യത : കുറഞ്ഞത് 55 ശതമാനം മാർക്കോടെ

യുള്ള എം.എഡ്.. താത്പര്യമുള്ളവർ drjibin@uoc.ac.in എന്ന മെയിൽ ഐ.ഡി.യിലേക് ബയോഡാറ്റ ജനുവരി 20-നകം അയക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് - ഡോ. വി. കെ. ജിബിൻ, പ്രോജക്ട് ഡയറക്ടർ, ഐ.സി.എസ്.എസ്.ആർ. പ്രോജക്ട്, എജ്യുക്കേഷൻ പഠനവകുപ്പ്, കാലിക്കറ്റ് സർവകലാശാലാ. ഇ - മെയിൽ : drjibin@uoc.ac.in . വിശദ വിജ്ഞാപനം വെബ്സൈറ്റിൽ.

***പി.ആർ. 60/2025***

**വാക് - ഇൻ - ഇന്റർവ്യൂ**

കാലിക്കറ്റ് സർവകലാശാലാ എൻജിനീയറിങ് കോളേജിലെ (CUIET) ഓഫീസ് അസിസ്റ്റന്റ് തസ്തികയിലുള്ള ഒരൊഴിവിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നത്തിനുള്ള വാക് - ഇൻ - ഇന്റർവ്യൂ ജനുവരി 23-ന് രാവിലെ 10 മണിക്ക് കോളേജിൽ വെച്ച് നടക്കും. വിശദവിവരങ്ങൾ http://www.cuiet.info/ എന്ന വെബ്സൈറ്റിൽ.

***പി.ആർ. 61/2025***

**പ്രാക്ടിക്കൽ പരീക്ഷ**

അഞ്ചാം സെമസ്റ്റർ ബി.എ. മൾട്ടിമീഡിയ നവംബർ 2024 പ്രാക്ടിക്കൽ പരീക്ഷകൾ പുതുക്കിയ ഷെഡ്യൂൾ പ്രകാരം ജനുവരി 20 - ന് തുടങ്ങും. വിശദമായ ഷെഡ്യൂൾ സർവകലാശാലാ വെബ്സൈറ്റിൽ.

***പി.ആർ. 62/2025***

**പരീക്ഷാ അപേക്ഷ**

റഗുലർ / പ്രൈവറ്റ് വിദ്യാർഥികൾക്കുള്ള അഫ്സൽ - ഉൽ - ഉലമ ( പ്രിലിമിനറി ) ഒന്നാം വർഷ ( 2024 പ്രവേശനം ) മെയ് 2025 റഗുലർ, രണ്ടാം വർഷ ( 2020 മുതൽ 2023 വരെ പ്രവേശനം ) മാർച്ച് 2025 റഗുലർ / സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് പരീക്ഷകൾക്ക് പിഴ കൂടാതെ 29 വരെയും 190/- രൂപ പിഴയോടെ ഫെബ്രുവരി മൂന്ന് വരെയും അപേക്ഷിക്കാം. ലിങ്ക് ജനുവരി 16 മുതൽ ലഭ്യമാകും.

***പി.ആർ. 63/2025***

**പരീക്ഷാഫലം**

അഞ്ചാം സെമസ്റ്റർ ( 2015 മുതൽ 2022 വരെ പ്രവേശനം ) ബി.ആർക്. നവംബർ 2024 റഗുലർ / സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിന് ഫെബ്രുവരി ഒന്ന് വരെ അപേക്ഷിക്കാം.

***പി.ആർ. 64/2025***

**പുനർമൂല്യനിർണയഫലം**

ഒന്നാം സെമസ്റ്റർ ബി.ബി.എ. എൽ.എൽ.ബി. ഹോണേഴ്സ് നവംബർ 2023, ഏപ്രിൽ 2023 പരീക്ഷകളുടെ പുനർമൂല്യനിർണയ ഫലം പ്രസിദ്ധീകരിച്ചു.

***പി.ആർ. 65/2025***